# സമ്പത്തു നിന്നെ നിയന്ത്രിച്ചാൽ

## ലൂക്കോസ് 17:32

"ലോത്തിന്റെ ഭാര്യയെ ഓർത്തു കൊൾവിൻ."

ഭൗതിക സമ്പത്തിന്റെ സമൃദ്ധിയിൽ ഭ്രമിച്ചുപോയ ലോത്ത് വിശ്വാസത്തിന്റെ ദർശനം നഷ്ടപ്പെടുത്തി സോദോമിന്റെ നാഗരികതയിൽ മുഴുകി. അതുപക്ഷേ അവന് ദുഃഖവും ശാപവുമേ കൊടുത്തുള്ളു. പ്രലോഭനങ്ങൾ നിറഞ്ഞ ജീവിതമായിരുന്നു സോദോമിലേത്, ഇന്ന് ലോകത്തിലെ പല പട്ടണങ്ങളിലുമുള്ളതുപോലെ തന്നെ. തങ്ങൾ സോദോമിൽവെച്ച് സമ്പാദിച്ചതൊക്കെയും ഉപേക്ഷിച്ചുകൊണ്ട് ഓടിപ്പോയ ലോത്തിന്റെ ഭാര്യ ദൈവകല്പനയെ ലംഘിച്ചതുകൊണ്ട് പുറകോട്ട് തിരിഞ്ഞു നോക്കിയതിനാൽ ഉപ്പുതൂണായിത്തീർന്നു. അവളുടെ വിലയേറിയ സമ്പാദ്യത്തെക്കുറിച്ചോർത്തപ്പോൾ അവളുടെ ഹൃദയം നിയന്ത്രിക്കുവാൻ അവൾക്ക് കഴിഞ്ഞില്ല. അത് അവളെ നശിപ്പിച്ചു.

അതിന്റെ പ്രാധാന്യം എത്രമാത്രം എന്ന് പുതിയനിയമത്തിലെ ഒരു വാക്യം കർത്താവ് അതിനായി മാറ്റിവെച്ചതിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. കർത്താവിന്റെ രണ്ടാം വരവിനെക്കുറിച്ച് ശിഷ്യന്മാരോട് പറയുന്നതിനിടയിൽ ലോത്തിന്റെ കാര്യവും, തന്റെ ഭാര്യയ്ക്കുണ്ടായ അവസ്ഥയും കർത്താവ് എടുത്തുപറയുകയാണ്. കർത്താവിന്റെ വരവിനു മുമ്പായി ജനത്തിന്റെ ജീവിതചര്യയിൽ 'തിന്നും, കുടിച്ചും, വാങ്ങിയും, വിറ്റും, നട്ടും, പണിതും' അതിൽ നിമഗ്നരായും ഉള്ള അവസ്ഥ ഉണ്ടാകും എന്ന് കർത്താവ് മുന്നറിയിപ്പു തരുന്നു. നാം ആയിരിക്കുന്ന ഇന്നത്തെ ലോകത്തിന്റെ സ്ഥിതി ഇങ്ങനെയായോ? അതേ എന്ന് അംഗീകരിക്കാൻ നമുക്ക് കൂടുതൽ ചിന്തിക്കേണ്ട ആവശ്യമില്ല.

1 കൊരി. 10:11 ൽ പറയുന്ന 'ഇത് ദൃഷ്ടാന്തമായിട്ടു അവർക്ക് സംഭവിച്ചു, ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്കു ബുദ്ധിയുപദേശത്തിനായി എഴുതിയുമിരിക്കുന്നു.' ലൂക്കോസ് 12:34 'നിങ്ങളുടെ നിക്ഷേപം ഉള്ളേടത്തു നിങ്ങളുടെ ഹൃദയവും ഇരിക്കും' എന്ന് നാം വായിക്കുന്നു.

പ്രിയ ദൈവജനമേ, ഭൗതിക സമ്പത്ത് തീകൊണ്ട് വെന്തുപോകുന്ന നിക്ഷേപം എന്ന് വേദപുസ്തകം നമ്മെ ഉപദേശിക്കുന്നു. നമ്മുടെ നിക്ഷേപം എവിടെയാണ്? ലോകത്തിലെ സമ്പത്തിൽ മുറുകെ പിടുത്തം നമുക്കുണ്ടോ? എങ്കിൽ അതിന്റെ ചതിയേക്കുറിച്ചുള്ള ബുദ്ധിയുപദേശം വീണ്ടും സ്വീകരിക്കാൻ സമയമായി.

ഈ ലോകം തീയ്ക്കായി ശേഷിച്ചിരിക്കുകയാണ്. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകും. ദൈവേഷ്ടം ചെയ്യുന്നവനോ എന്നേയ്ക്കും നിലനിൽക്കും. അതിനാൽ

നിത്യതയിൽ പ്രതിഫലത്തിനായി ഉതകുന്നവയിൽ നമ്മുടെ ഹൃദയത്തെ ഉറപ്പിച്ചു നിർത്താം. പ്രലോഭനങ്ങൾ വർദ്ധിച്ചു വരുന്ന ലോകജീവിതാവസ്ഥയിൽ സമർപ്പിക്കപ്പെട്ട പ്രാർത്ഥനാ ജീവിതവും, കർത്താവിന്റെ കൂടെയുള്ള നടപ്പും, ഉപവാസവും കൂടാതെ ഇത് ബുദ്ധിമുട്ടാണ് എന്ന് അനേകരുടെ ജീവിത ദൃഷ്ടാന്തങ്ങൾ തെളിവ് നൽകുന്നു. ഹൃദയത്തെ നിയന്ത്രിക്കുവാൻ ആത്മാവിന്റെ നിറഞ്ഞ സഹായത്താൽ നമുക്ക് സാധിക്കട്ടെ.

**പരാമർശം:**

മത്തായി 6:19,20

പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുതു. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചു കൊൾവിൻ.

**ബ്രദർ ജോബി ജെയിംസ് ചങ്ങനാശ്ശേരി 008**